Reg. No.: ...............................

Name : ...................................

K16U 2318

# I Semester B.A./B.Sc. Degree (C.C.S.S. – Supple./Improve.) Examination, November 2016
# COMMON COURSE IN MALAYALAM
# 1A07 MAL : Sahithya Padanangal
# (2012/2013 Admn.)

Time : 3 Hours

Max. Weightage : 30

I. താഴെ കൊടുത്തിട്ടുള്ള **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും മൂല്യം വെയിറ്റേജ് 1. **(4×1=4 വെയിറ്റേജ്)**

1) താഴെ കൊടുത്തിട്ടുള്ള കൃതികളുടെ കർത്താക്കളുടെ പേരെഴുതുക.

a) ചണ്ഡാലഭിക്ഷുകി

b) കയ്പ്പവല്ലരി

c) ഒരു ചിത്രകഥയിലെ നായാട്ടുകാർ

d) എന്റെ കഥ

2) ഉത്തരമെഴുതുക.

a) മുള എന്നർത്ഥത്തിൽ കുറുമർ ഉപയോഗിക്കുന്ന വാക്ക് ഏതാണ് ?

b) ബെട്ടുക്കുറുമർ മൂപ്പനെ വിളിക്കുന്ന പേരെന്ത് ?

c) പുനംകൃഷിക്ക് നിലമൊരുക്കുന്ന മാസമേത് ?

d) നീലഗിരിയിലെ കുറുമസ്ത്രീകൾ നെറ്റിയിൽ പച്ചകുത്തുന്ന അടയാളമെന്ത് ?

3) ''മുക്തിയുടെ ക്രൂരകാരുണ്യചുംബനം കാത്ത് കാത്ത്''

a) ആരാണ് കാത്തുകിടന്നത് ?

b) എവിടെയാണ് കാത്തു കിടന്നത് ?

c) സൂചിതമായ കൃതി ഏത് ?

d) ഏത് കവിതയിലെ വരി ?

P.T.O.

4) ''നീളവേ നടന്നാനാ നിസ്പൃഹൻ''

a) ആരാണ് നടന്നത് ?

b) എവിടെയാണ് നടന്നത് ?

c) കവി ആര് ?

d) ഏത് കവിതയിലെ വാക്യം ?

5) ''ഓഹോ, അപ്പോൾ അതാണ് കാര്യം. നിങ്ങളിനിയും ആ വൃത്തികെട്ട സാധനത്തെ ഉപേക്ഷിച്ചില്ല, അല്ലേ ?''

a) ആരുടെ വാക്കുകൾ ?

b) വൃത്തികെട്ട സാധനം എന്താണ് ?

c) ഏത് കഥയിലെ വാക്യമാണിത് ?

d) കഥാകൃത്ത് ആര് ?

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(4×1=4 വെയിറ്റേജ്)**

6) ''സ്വന്തവാളാൽ സ്വയംവെട്ടി നശിപ്പൂ മർത്ത്യർ !'' സന്ദർഭം എഴുതുക.

7) കേരളത്തിൽ ആര്യവൽക്കരിക്കാത്ത ദൃശ്യപാരമ്പര്യം കാണാൻ കഴിയുന്നതെവിടെ ?

8) ''പെട്ടെന്ന് ആ വെളുത്ത പുഞ്ചിരി തന്റെ കണ്ണുകളിലാകെ വ്യാപിച്ചപോലെ അവൾക്ക് തോന്നി. അവളുടെ കാലുകൾ വിറച്ചു''. സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

9) ''അക്കണ്ണിൻ തിളക്കമെ ?,ഞങ്ങമെയ്യിൻ വളർച്ചയെ ? –
ഞക്കരളുയർച്ചയെ ?, ഞാ ഭക്തിത്തഴപ്പെങ്ങോ ?'' സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

10) ''എണീക്കാൻ ധൃതിപ്പെടേണ്ട
സമയമുണ്ടല്ലോ വേണ്ടുവോളം !'' ആശയം വിശദമാക്കുക.

III. **നൂറ്റിയൻപതു** വാക്കിൽ കവിയാതെ **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(5×2=10 വെയിറ്റേജ്)**

11) ''അവൾ പരസ്യം പ്രസിദ്ധീകരിച്ച പത്രം ഒരു പൊട്ടിക്കരച്ചിലോടെ എനിക്കുനേരെ വലിച്ചെറിഞ്ഞു''. സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

12) 'റോഡിൽ പാലിക്കേണ്ട നിയമങ്ങൾ' എന്ന കഥ കുടുംബത്തിൽ പാലിക്കേണ്ട നിയമങ്ങളെക്കുറിച്ചാണ് പറയുന്നത് – പരിശോധിക്കുക.

13) 'പ്രതിഷ്ഠ' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

14) ''ക്ലാസിക് കാലഘട്ടത്തിൽ സി. വി. ക്ക് സാധിച്ചതിന്റെ ഒരു തുടർച്ച, ആ രീതിയില ല്ലെങ്കിലും മലയാള സാഹിത്യത്തിൽ പിന്നീട് കാണാനാവുന്നത് കോവിലനിലാണ്'' വ്യക്തമാക്കുക.

15) 'പാട്ടുകവികളെല്ലാം അവർണ്ണരായിരുന്നു' – സമർത്ഥിക്കുക.

16) ''പ്രേമമേ, നിൻ പേരുകേട്ടാൽ പേടിയാം'' – കവി ഇങ്ങനെ പറയാൻ കാരണമെന്ത് ?

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(3×4=12 വെയിറ്റേജ്)**

17) 'കാൽ ചക്രം' എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

18) 'കരുണ' എന്ന കാവ്യത്തെ മുൻനിർത്തി കുമാരനാശാന്റെ ജീവിതദർശനം വിശകലനം ചെയ്യുക.

19) 'കൊച്ചിയിലെ വൃക്ഷങ്ങൾ' എന്ന കവിതയുടെ സാമൂഹികതലം വിശകലനം ചെയ്യുക.

20) കോവിലൻ കൃതികളുടെ സവിശേഷതകൾ ശാരദക്കുട്ടി വിശദീകരിക്കുന്ന തെങ്ങനെ ? പരിശോധിക്കുക.

---